സംഘർഷങ്ങൾ ഉറവ പൊട്ടിപ്പരക്കുന്ന തന്റെ രചനാലോകത്ത് ദുരൂഹതയുടെ ദ്രവീകൃതയിടങ്ങൾ ഒഴിച്ചിടുന്ന സേതു, വായനക്കാരന്റെ കൂടി കയ്യൊപ്പ് പതിഞ്ഞാലേ തന്റെ സൃഷ്ടികൾ പൂർണ്ണത പ്രാപിക്കൂ എന്ന വിശ്വാസക്കാരനാണ്. ഈ വിശ്വാസവും നിശ്ചയവും പുനർവായനകളിലേക്ക്, അതിന്റെ സാധ്യതകളിലേക്ക് വായനക്കാരനെ പ്രലോഭിപ്പിക്കുന്നു. ഈ പ്രലോഭനമാണ് 'കിളിമൊഴികൾക്കപ്പുറം' എന്ന നോവലിലേക്ക് ഒരാളെ ഉണർത്തുന്നത്. സേതുവിന്റെ തന്നെ മറ്റൊരു സൃഷ്ടിയായ 'അടയാളങ്ങ'ളുടെ രണ്ടാംഭാഗമായിട്ട് അവതരിപ്പിക്കപ്പെടുന്ന 'കിളിമൊഴികൾക്കപ്പുറം' സ്വന്തമായ ഇടങ്ങൾ സ്ഥാപിച്ചെടുക്കാൻ വെമ്പുന്ന സ്ത്രീജീവിതങ്ങളുടെ പോരാട്ടത്തിന്റെ കഥ പറയുന്നു. ഒപ്പം അധിനിവേശങ്ങളുടെ ആരവങ്ങളിലേക്ക് പിടയുന്ന മണ്ണിന്റെയും പെണ്ണിന്റെയും അവസ്ഥാഭേദങ്ങളെ ആവിഷ്കരിക്കുന്നു. മണ്ണും പെണ്ണും അവധാനതയോടെ, അതിലേറെ പ്രണയത്തോടെ കൈകാര്യം ചെയ്യപ്പെടേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

*(പി.എം ഷുക്കൂർ - കാലപ്പകർച്ചകളുടെ മീനാക്ഷിപ്പാളയം - ഗ്രന്ഥാലോകം - മാർച്ച് 2011).*